# ബ്രാഹ്മണജീവിതത്തിന്റെ ആധാരം – പവിത്രതയുടെ വ്യക്തിത്വം

ഇന്ന് സ്നേഹസാഗരൻ തന്റെ സ്നേഹി കുട്ടികളെ കണ്ടുകൊണ്ടിരിക്കുകയാണ്. നാനാവശത്തുമുള്ള സ്നേഹി കുട്ടികൾ ആത്മീയ സൂക്ഷ്മ ചരടിൽ ബന്ധിച്ച് തന്റെ മധുരമായ വീട്ടിൽ (മധുബൻ) എത്തിച്ചേർന്നു. എങ്ങനെയാണോ കുട്ടികൾ സ്നേഹത്തിൽ ആകർഷിക്കപ്പെട്ട് എത്തിച്ചേർന്നിരിക്കുന്നത്, അതുപോലെ ബാബയും കുട്ടികളുടെ സ്നേഹത്തിന്റെ ചരടിൽ ബന്ധിച്ചാണ് കുട്ടികളുടെ സന്മുഖത്ത് എത്തിയിരിക്കുന്നത്. ബാപ്ദാദ കാണുന്നുണ്ട്, നാനാവശത്തെ കുട്ടികൾ ദൂരെയിരുന്നു കൊണ്ടും സ്നേഹത്തിൽ മുഴുകിയിരിക്കുകയാണ്. സന്മുഖത്തിരിക്കുന്ന കുട്ടികളെയും കാണുന്നുണ്ട്, ദൂരെയിരിക്കുന്ന കുട്ടികളെയും കണ്ട് കണ്ട് ഹർഷിതമാകുന്നു. ഈ അവിനാശി സ്നേഹം, പരമാത്മ സ്നേഹം, ആത്മീയ സ്നേഹം മുഴുവൻ കല്പത്തിലും ഇപ്പോഴാണ് അനുഭവമാകുന്നത്.

ബാപ്ദാദ ഓരോ കുട്ടികളുടെയും പവിത്രതയുടെ രാജകീയത കണ്ടുകൊണ്ടിരിക്കുന്നു. ബ്രാഹ്മണ ജീവിതത്തിന്റെ രാജകീയത തന്നെ പവിത്രതയാണ്. അപ്പോൾ ഓരോ കുട്ടികളുടെയും ശിരസ്സിൽ ആത്മീയ രാജകീയതയുടെ അടയാളമായി പവിത്രതയുടെ പ്രകാശത്തിന്റെ കിരീടമാണ് കണ്ടുകൊണ്ടിരിക്കുന്നത്. താങ്കളെല്ലാവരും തന്റെ പവിത്രതയുടെ കിരീടം, ആത്മീയ രാജകീയതയുടെ കിരീടം കാണുന്നുണ്ടല്ലോ? പിറകിലിരിക്കുന്നവരും കാണുന്നുണ്ടല്ലോ... എത്ര ശോഭനീയമായ കിരീടധാരി സഭയാണ്... പാണ്ഡവർ പറയൂ അങ്ങനെയല്ലേ... കിരീടം തിളങ്ങുന്നില്ലേ. അങ്ങനെയൊരു സഭയല്ലേ കണ്ടുകൊണ്ടിരിക്കുന്നത്. കുമാരിമാരും കിരീടധാരി കുമാരിമാരല്ലേ. കുട്ടികളുടെ റോയൽ പരിവാരം എത്ര ശ്രേഷ്ഠമാണെന്ന് ബാപ്ദാദ കാണുന്നുണ്ട്. തന്റെ അനാദിയായ രാജകീയത ഓർമ്മിക്കൂ, താങ്കൾ ആത്മാക്കൾ പരംധാമത്തിൽ സ്ഥിതി ചെയ്യുമ്പോൾ ആത്മ രൂപത്തിലുള്ള രാജകീയത വളരെ വിശിഷ്ടമാണ്. സർവ്വാത്മാക്കളും പ്രകാശ രൂപത്തിലാണെങ്കിലും താങ്കളുടെ തിളക്കം സർവ്വാത്മാക്കളിലും വെച്ച് ശ്രേഷ്ഠമാണ്. പരംധാമത്തിലുള്ള അനാദി സ്വരൂപം ഓർമ്മ വരുന്നുണ്ടോ. അനാദി കാലം മുതൽക്കു തന്നെ താങ്കളുടെ തിളക്കം വിചിത്രമാണ്. എങ്ങനെയാണ് നിങ്ങൾ ആകാശത്തിൽ നോക്കുന്ന സമയത്ത് എല്ലാ നക്ഷത്രങ്ങളും പ്രകാശ രൂപത്തിൽ തിളങ്ങുന്നുണ്ടെങ്കിലും, ചില നക്ഷത്രങ്ങളുടെ തിളക്കം വളരെ വിചിത്രവും പ്രിയപ്പട്ടതുമായി കാണുന്നത്. അതുപോലെ സർവ്വാത്മാക്കളുടെയുമിടയിൽ താങ്കൾ ആത്മാക്കളുടെ തിളക്കം, ആത്മീയ രാജകീയത, പവിത്രതയുടെ തിളക്കം വ്യത്യസ്തമാണ്. സ്മൃതിയുണരുന്നുണ്ടോ? ഇനി ആദി കാലത്തേക്ക് വരൂ, ആദി കാലത്തെ സ്മൃതിയിലേക്ക് കൊണ്ടു വരൂ, ആദി കാലത്തിലും ദേവതാ സ്വരൂപത്തിൽ ആത്മീയ രാജകീയതയുടെ വ്യക്തിത്വം എത്ര വിശിഷ്ടമാണ്. മുഴുവൻ കല്പത്തിലും ദേവതാ സ്വരൂപത്തിന്റെ രാജകീയത ആർക്കെങ്കിലുമുണ്ടോ? ആത്മീയ രാജകീയതയുടെയും പവിത്രതയുടെയും വ്യക്തിത്വത്തെ ഓർമ്മയുണ്ടോ? പാണ്ഡവർക്ക് ഓർമ്മയുണ്ടോ? സ്മൃതിയുണർന്നോ? ഇനി മദ്ധ്യകാലത്തേക്ക് വരൂ, മദ്ധ്യകാലം ദ്വാപരയുഗം മുതൽക്കുള്ള താങ്കളുടെ പൂജ്യ ചിത്രങ്ങളുടെ രാജകീയത, പൂജയുടെ രാജകീയത, ദ്വാപരയുഗം മുതൽ ഇപ്പോൾ വരെയും മറ്റാർക്കെങ്കിലുമുണ്ടോ? പലരുടെയും ചിത്രങ്ങൾ വെച്ച് ആരാധിക്കാറുണ്ട്, എന്നാൽ വിധി പൂർവ്വമുള്ള പൂജ മറ്റാർക്കെങ്കിലുമുണ്ടോ... ധർമ്മ പിതാക്കന്മാരാണെങ്കിലും, നേതാക്കളാണെങ്കിലും, അഭിനേതാക്കളാണെങ്കിലും, പലരുടെയും ചിത്രങ്ങൾ നിർമ്മിക്കുന്നുണ്ട്, എന്നാൽ ചിത്രങ്ങളുടെ രാജകീയത, പൂജയുടെ രാജകീയത മറ്റാരിലെങ്കിലും കണ്ടിട്ടുണ്ടോ? ഡബിൾ വിദേശികൾ തന്റെ പൂജ കണ്ടിട്ടുണ്ടോ? കണ്ടവരുണ്ടോ അതോ കേവലം കേൾക്കുക മാത്രമാണോ? ഇങ്ങനെയുള്ള വിധി പൂർവ്വ പൂജ, അതുപോലെ ചിത്രങ്ങൾക്കുള്ള തിളക്കം, ആത്മീയത. മറ്റാർക്കും ഉണ്ടായിട്ടുമില്ല, ഇനി ഉണ്ടാവുകയുമില്ല. എന്തുകൊണ്ട്? ഇത് പവിത്രതയുടെ രാജകീയതയാണ്, വ്യക്തിത്വമാണ്. ശരി, തന്റെ പൂജ കണ്ടില്ലേ? ഇതുവരെ കണ്ടിട്ടില്ലെങ്കിൽ തീർച്ചയായും കാണണം. ഇപ്പോൾ അവസാന സമയം സംഗമയുഗത്തിലേക്ക് വരൂ, അപ്പോൾ സംഗമത്തിലും ബ്രാഹ്മണ ജീവിതത്തിന്റെ ആധാരം പവിത്രതയുടെ രാജകീയതയാണ്. പവിത്രതയില്ലെങ്കിൽ പ്രഭു സ്നേഹത്തിന്റെ അനുഭവമില്ല. സർവ്വ പരമാത്മ പ്രാപ്തികളുടെ അനുഭവമില്ല. ബ്രാഹ്മണ ജീവിത്തിന്റെ വ്യക്തിത്വം പവിത്രതയാണ്. പവിത്ര തന്നെയാണ് ആത്മീയ രാജകീയത. അപ്പോൾ ആദി, അനാദി, ആദി, മദ്ധ്യ അന്ത്യം മുഴുവൻ കല്പത്തിലും ഈ ആത്മീയ രാജകീയതയുണ്ട്.

അപ്പോൾ സ്വയം സ്വയത്തെ നോക്കൂ – എല്ലാവരുടെ പക്കലും കണ്ണാടിയുണ്ടല്ലോ? കാണാൻ സാധിക്കുന്നുണ്ടോ? നമ്മുടെ ഉള്ളിൽ പവിത്രതയുടെ രാജകീയത എത്ര ശതമാനമുണ്ട് ? നമ്മുടെ മുഖത്തിലൂടെ പവിത്രതയുടെ തിളക്കം കാണപ്പെടുന്നുണ്ടോ? പെരുമാറ്റത്തിലും പവിത്രതയുടെ ലഹരിയാണോ? പെരുമാറ്റത്തിലും ആത്മീയ ലഹരി കാണപ്പെടുന്നുണ്ടോ? സ്വയത്തെ പരിശോധിച്ചോ? പരിശോധിക്കുന്നതിൽ എത്ര സമയമെടുക്കുന്നു ? സെക്കന്റ് മതിയല്ലോ.. അപ്പോൾ എല്ലാവരും സ്വയത്തെ

നോക്കിയോ?
കുമാരിമാരോട് – തിളക്കവും ലഹരിയുമുണ്ടോ? ശരി, എല്ലാവരും എഴുന്നേറ്റ് നിൽക്കൂ. (കുമാരിമാർ ചുവന്ന പട്ട ധരിച്ചിട്ടുണ്ട്, അതിനുമേൽ ഏകവ്രത എന്ന് എഴുതിയിട്ടുണ്ട്) വളരെ സുന്ദരമായിരിക്കുന്നു. ഏകവ്രത എന്ന വാക്കിന്റെ അർത്ഥം തന്നെ പവിത്രതയുടെ രാജകീയത എന്നാണ്. അപ്പോൾ ഏകവ്രതയുടെ പാഠം പക്കാ ആക്കിയോ.. അവിടേക്ക് പോയി കച്ചാ ആകരുത്. കുമാരന്മാരുടെ ഗ്രൂപ്പ് എഴുന്നേൽക്കൂ. കുമാരന്മാരുടെ ഗ്രൂപ്പ് നല്ലതാണ്. കുമാരന്മാർ തന്റെ ഹൃദയത്തിൽ പ്രതിജ്ഞയുടെ പട്ട ബന്ധിച്ചിട്ടുണ്ട്. കുമാരിമാർ പുറമെ നിന്നും ബന്ധിച്ചിട്ടുണ്ട്. ഈ പ്രതിജ്ഞയുടെ കെട്ടാണുള്ളത്, സദാ അർത്ഥം നിരന്തരം പവിത്രതയുടെ വ്യക്തിത്വത്തിനുള്ളിലിരിക്കുന്ന കുമാരനാണ്. അങ്ങനെയല്ലേ, പറയൂ.. അതെ. ആണോ അല്ലയോ.. അതോ അവിടേക്ക് പോയി കത്തെഴുതുമോ കുറച്ച്–കുറച്ച് അലസമായി എന്ന്. ഇങ്ങനെ ഒരിക്കലും ചെയ്യരുത്. ഏതുവരെ ബ്രാഹ്മണ ജീവിതമുണ്ടോ അതുവരെയും സമ്പൂർണ്ണ പവിത്രമായിരിക്കുക തന്നെ വേണം. അങ്ങനെയല്ലേ പ്രതിജ്ഞ. പ്രതിജ്ഞ പക്കാ ആണെങ്കിൽ കൈ വീശൂ. ടി.വി യിൽ താങ്കളുടെ ഫോട്ടോ കാണുന്നുണ്ട്. ആരാണോ ലൂസാകുന്നത്, അവർക്ക് ഈ ചിത്രം അയച്ചു കൊടുക്കണം. അതിനാൽ ലൂസാകരുത്, പക്കാ ആയിരിക്കണം. അതെ പക്കായാണ്, പാണ്ഡവർ പക്കായാണ്. വളരെ നല്ലത്.
പവിത്രതയുടെ വൃത്തിയാണ് – ശുഭഭാവന, ശുഭകാമന. ആര് എങ്ങനെയായാലും അവരെ പ്രതി പവിത്രമായ വൃത്തി അർത്ഥം ശുഭഭാവന, ശുഭകാമന. അല്ലെങ്കിൽ പവിത്രമായ ദൃഷ്ടി അർത്ഥം സദാ ഓരോരുത്തരെ പ്രതിയും ആത്മ സ്വരൂപത്തിൽ കാണുക. അഥവാ ഫരിസ്ത സ്വരൂപത്തിൽ കാണുക. അപ്പോൾ വൃത്തി, ദൃഷ്ടി ഇനി മൂന്നാമത് കൃതി. കൃതി അർത്ഥം കർമ്മത്തിലും ഓരോ ആത്മാവിനെ പ്രതി സുഖം നൽകുക, സുഖം എടുക്കുക. ഇതാണ് പവിത്രതയുടെ അടയാളം. വൃത്തി, ദൃഷ്ടി, കൃതി മൂന്നിലും ഈ ധാരണ വേണം. ആര് എന്ത് തന്നെ ചെയ്താലും, ദുഖം നൽകിയാലും ആക്ഷേപിച്ചാലും, നമ്മുടെ കർത്തവ്യം എന്താണ്? ദുഖം നൽകുന്നവരെ അനുകരിക്കണമോ അതോ ബാപ്ദാദയെ അനുകരിക്കണമോ.. അച്ഛനെയല്ലേ അനുകരിക്കേണ്ടത്. ബ്രഹ്മാ ബാബ ദുഖം നൽകിയോ അതോ സുഖം നൽകിയോ.. സുഖമല്ലേ നൽകിയത്. അപ്പോൾ താങ്കൾ മാസ്റ്റർ ബ്രഹ്മാവ് അഥവാ ബ്രാഹ്മണ ആത്മാക്കൾക്ക് എന്ത് ചെയ്യണം? ആരെങ്കിലും ദുഖം നൽകുകയാണെങ്കിൽ താങ്കൾ എന്ത് ചെയ്യണം? ദുഖം നൽകുമോ ഇല്ലയോ? വളരെയധികം ദുഖം നൽകുകയാണെങ്കിൽ? വളരെയധികം ആക്ഷേപിക്കുന്നു എങ്കിൽ, താങ്കൾ കുറച്ചെങ്കിലും ഫീൽ ചെയ്യുമോ? കുമാരിമാർക്ക് ഫീലിംഗ് ഉണ്ടാകുമോ? കുറച്ചെങ്കിലുമുണ്ടാകുമോ? അപ്പോൾ അച്ഛനെ അനുകരിക്കണം. എന്റെ കർത്തവ്യമെന്താണെന്ന് മാത്രം ചിന്തിക്കൂ. അവർ ചെയ്യുന്ന കർത്തവ്യത്തെ കണ്ട് തന്റെ കർത്തവ്യം മറക്കരുത്. അവർ ആക്ഷേപിക്കുന്നു എങ്കിൽ, താങ്കൾ സഹനശീലതയുടെ ദേവി അഥവാ ദേവനായി തീരൂ. താങ്കളുടെ സഹനശീലത കാരണം ആക്ഷേപിക്കുന്നവർ പോലും ആലിംഗനം ചെയ്യുന്നു. സഹനശീലതയിൽ ഇത്രയും ശക്തിയുണ്ട്, പക്ഷേ കുറച്ചു സമയത്തേക്ക് സഹിക്കേണ്ടതായി വരുന്നു. അപ്പോൾ സഹനശീലതയുടെ ദേവി അഥവാ ദേവനല്ലേ? സദാ ഈയൊരു കാര്യം സ്മൃതിയിൽ വെക്കൂ, ഞാൻ സഹനശീലതയുടെ ദേവി അഥവാ ദേവനാണ്. അപ്പോൾ ദേവതാ അർത്ഥം നൽകുന്നവർ. ആരെങ്കിലും നിങ്ങളെ ആക്ഷേപിക്കുന്നു, അല്ലെങ്കിൽ നിങ്ങളെ ബഹുമാനിക്കുന്നില്ലെങ്കിൽ അത് അഴുക്കല്ലേ, അതൊരിക്കലും നല്ലതല്ല. അപ്പോൾ താങ്കൾ എന്തിന് അത് സ്വീകരിക്കുന്നു. അഴുക്ക് സ്വീകരിക്കില്ലല്ലോ. താങ്കൾക്ക് ആരെങ്കിലും അഴുക്ക് നൽകുകയാണെങ്കിൽ താങ്കൾ സ്വീകരിക്കുമോ? ഇല്ലല്ലോ. ബഹുമാനിക്കുന്നില്ല, ആക്ഷേപിക്കുന്നു, താങ്കളെ ഉപദ്രവിക്കുന്നു, ഇതെല്ലാം നല്ലതാണോ? നല്ലതല്ലെങ്കിൽ എന്തിന് സ്വീകരിക്കുന്നു? കുറച്ച്–കുറച്ച് എടുക്കുന്നു, പിന്നീട് ചിന്തിക്കുന്നു, എടുക്കേണ്ടിയിരുന്നില്ലെന്ന്. അപ്പോൾ ഇനി മുതൽ സ്വീകരിക്കരുത്. സ്വീകരിച്ചു അർത്ഥം മനസ്സിൽ ധാരണ ചെയ്തു ഫീൽ ചെയ്തു. അപ്പോൾ തന്റെ അനാദി കാലം, ആദി കാലം, മദ്ധ്യ കാലം, സംഗമ കാലം മുഴുവൻ കൽപത്തിലുമുള്ള പവിത്രതയുടെ രാജകീയതയെ വ്യക്തിത്വത്തെ സ്മൃതിയിലേക്ക് കൊണ്ടു വരൂ. ആര് എന്ത് തന്നെ ചെയ്താലും താങ്കളുടെ വ്യക്തിത്വത്തെ ആർക്കും തട്ടിയെടുക്കുവാൻ സാധിക്കില്ല. ഈ ആത്മീയ ലഹരിയുണ്ടോ? ഡബിൾ വിദേശികൾക്ക് ഡബിൾ ലഹരിയാണ്. ഡബിൾ ലഹരിയല്ലേ? എല്ലാ കാര്യത്തിലും ഡബിൾ ലഹരി. പവിത്രതയുടെ ഡബിൾ ലഹരി. സഹനശീലതയുടെ ദേവി അഥവാ ദേവനാകുന്നതിനുള്ള ഡബിൾ ലഹരി. എല്ലാത്തിലും ഡബിൾ അല്ലേ? കേവലം അമരനായിരിക്കണം. അമർഭവ എന്ന വരദാനം ഒരിക്കലും മറക്കരുത്.
ശരി – ഇനി ആരാണോ പ്രവൃത്തി മാർഗ്ഗത്തിൽ ജീവിക്കുന്നവർ, യുഗിൾ, അവർ തനിച്ചാണെങ്കിലും പറയുമ്പോൾ യുഗിൾ എന്ന് പറയുന്നു. അവർ എഴുന്നേറ്റ് നിൽക്കൂ. യുഗിൾ ധാരാളമുണ്ട്. കുമാർ–കുമാരിമാർ കുറച്ചേയുള്ളൂ. കുമാരന്മരെക്കാളും യുഗിൾസാണ് ഉള്ളത്. അപ്പോൾ യുഗിൾ മൂർത്തിയായ ബാപ്ദാദ താങ്കൾക്ക് പ്രവൃത്തിയിലിരിക്കുവാനുള്ള നിർദ്ദേശം എന്തിനാണ് നൽകിയത്. താങ്കൾക്ക് യുഗിളായിരിക്കുവാനുള്ള അനുമതി നൽകിയത് എന്തുകൊണ്ടാണ്? കുടുംബത്തിലിരിക്കുവാനുള്ള അനുമതി എന്തിനാണ് നൽതിയതെന്ന് അറിയാമോ? എന്തുകൊണ്ടെന്നാൽ നിങ്ങൾ യുഗിൾ രൂപത്തിലിരുന്നു

കൊണ്ട് മഹാമണ്ഡലേശ്വരന്മാരെ തന്റെ കാൽക്കൽ വീഴ്ത്തണം. അത്രയ്ക്കും ധൈര്യമുണ്ടോ? മറ്റുള്ളവർ പറയുന്നത്, കൂടെയിരുന്നു കൊണ്ടും പവിത്രമായിരിക്കുക എന്നുള്ളത്, ബുദ്ധിമുട്ടാണെന്നാണ്. താങ്കൾ എന്ത് പറയുന്നു? ബുദ്ധിമുട്ടാണോ സഹജമാണോ? (വളരെ സഹജമാണ്) പക്കായല്ലേ? അതോ ഇടയ്ക്ക് സഹജം ഇടയ്ക്ക് അലസമാണോ? അതിനാൽ ബാപ്ദാദ ഡ്രാമാ അനുസരിച്ച് താങ്കളെല്ലാവരെയും ഈ ലോകത്തിന് മുമ്പിൽ വിശ്വത്തിന് മുമ്പിൽ ഉദാഹരണമാക്കി മാറ്റി. വെല്ലുവിളിക്കുന്നതിനായി, പ്രവൃത്തിയിലിരുന്നുകൊണ്ടും നിവൃത്തി, അപവിത്രതയിൽ നിന്നും നിവൃത്തിയോടെയിരിക്കുവാൻ സാധിക്കുമോ? അപ്പോൾ വെല്ലുവിളി സ്വീകരിക്കുന്നവരല്ലേ. എല്ലാവരും വെല്ലുവിളി സ്വീകരിക്കുന്നവരാണോ അതോ ഇടയ്ക്കിടെ ഭയപ്പെടുന്നവരാണോ. വെല്ലുവിളി സ്വീകരിക്കാം പക്ഷേ എന്താവുമെന്ന് അറിയില്ല. വിശ്വത്തിനു മുന്നിലാണ് വെല്ലുവിളിക്കുന്നത്, എന്തുകൊണ്ടെന്നാൽ പുതുമയുള്ള കാര്യമിതാണ്, കൂടെയിരുന്നുകൊണ്ടും സ്വപ്നത്തിൽ പോലും അപവിത്രതയുടെ സങ്കല്പം പോലും വരരുത്. ഇതാണ് സംഗമയുഗി ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷത. അപ്പോൾ വിശ്വത്തിനു മുന്നിലെ ഷോക്കേസിൽ താങ്കൾ മാതൃകകളാണ്. താങ്കളെക്കാണുമ്പോൾ എല്ലാവർക്കും ശക്തിയുണരുന്നു, നമുക്കും ഇങ്ങനെയാകുവാൻ സാധിക്കും എന്ന്. ശരിയല്ലേ? ശക്തികൾ പറയൂ ശരിയല്ലേ. പക്കായല്ലേ... ഇടയ്ക്കെ കച്ചാ ഇടയ്ക്കെ പക്കാ അങ്ങനെയല്ലല്ലോ. പക്കാ ആയിരിക്കണം. ബാപ്ദാദയ്ക്കും താങ്കളെ കാണുമ്പോൾ സന്തോഷമാണ്. ആശംസകൾ... നോക്കൂ... എത്രയാണെന്ന്. വളരെ നല്ലത്.

ബാക്കി അവശേഷിക്കുന്നത്, ടീച്ചേഴ്സാണ്. ടീച്ചേഴ്സ് കൂടാതെ ഗതിയില്ലല്ലോ. പാണ്ഡവരും വളരെ നല്ലവരുണ്ട്. ആഹാ! ടീച്ചേഴ്സിന്റെ വിശേഷതയിതാണ്, ഓരോ ടീച്ചേഴ്സിന്റെയും ഫീച്ചറിലൂടെ(സ്വരൂപം) ഫ്യൂച്ചർ(ഭാവി) കാണപ്പെടണം. അഥവാ ഓരോ ടീച്ചേഴ്സിന്റെയും സ്വരൂപത്തിലൂടെ ഫരിസ്താ സ്വരൂപം കാണപ്പെടണം. അങ്ങനെയുള്ള ടീച്ചേഴ്സല്ലേ. താങ്കൾ ഫരിസ്തകളെ കണ്ട് മറ്റുള്ളവരും ഫരിസ്തകളായിത്തീരണം. നോക്കൂ, എത്ര ടീച്ചേഴ്സാണ്. വിദേശികളുടെ ഗ്രൂപ്പിൽ ധാരാളം ടീച്ചേഴ്സുണ്ട്. ഇപ്പോൾ കുറച്ചു പേർ മാത്രമാണ് വന്നിരിക്കുന്നത്. ആരാണോ വരാത്തവർ അവരെയും ബാബ സ്മരിക്കുന്നുണ്ട്. നല്ലത്, ഇപ്പോൾ എല്ലാ ടീച്ചേഴ്സും ഒരുമിച്ച് ഈയൊരു പദ്ധതിയുണ്ടാക്കൂ, തന്റെ മുഖത്തിലൂടെയും പെരുമാറ്റത്തിലൂടെയും എങ്ങനെ ബാബയെ പ്രത്യക്ഷപ്പെടുത്താം. ലോകത്തിലുള്ളവർ പറയുന്നു, പരമാത്മാവ് സർവ്വവ്യാപി എന്ന്, താങ്കൾ പറയുന്നു, അങ്ങനെയല്ലെന്ന്. എന്നാൽ ബാപ്ദാദ പറയുന്നു, ഇപ്പോൾ സമയത്തിനനുസരിച്ച് ഓരോ ടീച്ചേഴ്സിലും ബാബ പ്രത്യക്ഷപ്പെടണം. അപ്പോൾ സർവ്വവ്യാപിയായി കാണപ്പെടുമല്ലോ. ആരെ നോക്കിയാലും അവരിൽ ബാബ കാണപ്പെടണം. ആത്മാവ് പരമാത്മാവിനു മുന്നിൽ ഗുപ്തമാണ്, പരമാത്മാവ് മാത്രം കാണപ്പെടണം. ഇങ്ങനെ സാധിക്കുമോ? ശരി ഇതിന്റെ തിയ്യതി നിശ്ചയിക്കൂ? തിയ്യതി നിശ്ചയിക്കണമല്ലോ. അപ്പോൾ തിയ്യതി പറയൂ, എത്ര സമയം ആവശ്യമാണ്. (ഇപ്പോൾ മുതൽ ആരംഭിക്കാം). ധൈര്യം നല്ലോണമുണ്ട്. എത്ര സമയം ആവശ്യമാണ്? 2002 ആണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇനി 2000 വർഷത്തിൽ എപ്പോൾ വരെ? അപ്പോൾ ടീച്ചേഴ്സിന് ഈയൊരു ശ്രദ്ധയാണ് വെക്കേണ്ടത്, ഇപ്പോൾ ബാബയ്ക്കുള്ളിൽ ഞാൻ മുഴുകിയതായി കാണപ്പെടണം. ഇങ്ങനെയുള്ള പദ്ധതി ഉണ്ടാക്കുകയില്ലേ. ഡബിൾ വിദേശികൾ മീറ്റിംഗ് കൂടുന്നതിൽ സമർത്ഥരല്ലേ. ഇപ്പോൾ ഇതിനുള്ള മീറ്റിംഗ് കൂടണം, മീറ്റിംഗ് കഴിയാതെ ഇവിടുന്ന് പോകരുത്. എങ്ങനെ നാം ഓരോരുത്തരിലൂടെ ബാബ പ്രത്യക്ഷപ്പെടണം. ഇപ്പോൾ എല്ലാവർക്കും ബ്രഹ്മാകുമാരിമാരാണ് കാണപ്പെടുന്നത്. ബ്രഹ്മാകുമാരിമാർ നല്ലതാണെന്ന് പറയുന്നു. എന്നാൽ ഇവരുടെ അച്ഛൻ നല്ലതാണെന്ന് കാണപ്പെടണം. എന്നാൽ മാത്രമാണ് വിശ്വ പരിവർത്തനമുണ്ടാകൂ. അപ്പോൾ ഡബിൾ വിദേശികൾ ഈ പദ്ധതി പ്രത്യക്ഷപ്പെടുത്താനുള്ള കാര്യങ്ങൾ ആരംഭിക്കണം. ചെയ്യുമല്ലോ? പക്കാ.. നല്ലത്. അങ്ങനെയെങ്കിൽ താങ്കളുടെ ദാദിയുടെ ആശ പൂർത്തിയാകുന്നു. ശരിയല്ലേ... നല്ലത്.

നോക്കൂ, ഡബിൾ വിദേശി സേവാധാരികൾ എത്രയാണ്. താങ്കൾ കാരണത്താൽ എല്ലാവർക്കും സ്നേഹ സ്മരണകൾ ലഭിക്കുന്നു. ബാപ്ദാദയ്ക്കും ഡബിൾ വിദേശികളോട് കൂടുതൽ എന്ന് പറയാൻ സാധിക്കില്ല, എന്നാൽ പ്രത്യേക സ്നേഹമുണ്ട്. എന്തുകൊണ്ടാണ് പ്രത്യേക സ്നേഹം? എന്തുകൊണ്ടെന്നാൽ സേവനത്തിനു നിമിത്തമായ ഡബിൾ വിദേശി ആത്മാക്കൾ അവർ വിശ്വത്തിനു കോണു-കോണുകളിൽ ബാബയുടെ സന്ദേശം എത്തിക്കുവാൻ നിമിത്തമാണ്. ഇല്ലെങ്കിൽ വിദേശത്തെ നാനാവശത്തുമുള്ള ആത്മാക്കൾ ദാഹിച്ചിരിക്കും. ഇനി ബാബയ്ക്ക് പരാതി കേൾക്കേണ്ടി വരില്ലല്ലോ, ഭാരതത്തിൽ മാത്രം വന്നു, വിദേശത്ത് എന്തുകൊണ്ട് സന്ദേശം എത്തിയില്ലെന്ന്. അപ്പോൾ ബാബയോടുള്ള ഈ പരാതി പൂർത്തീകരിക്കുവാൻ നിമിത്തമാകുന്നുണ്ടല്ലോ. ജാനകി ദാദിജിയ്ക്ക് സദാ ഉണർവ്വുണ്ട്, വിദേശത്തെ ഒരു ദേശവും അവശേഷിക്കരുതെന്ന്. നല്ലതാണ്. ഈ പരാതി പൂർത്തീകരിക്കുമല്ലോ. എന്നാൽ താങ്കൾ(ജാനകി ദാദി) കൂടെയുള്ളവരെ ക്ഷീണിപ്പിക്കുന്നുണ്ടോ? (ജയന്തി ദീദിയോട്) ക്ഷീണിക്കുന്നുണ്ടോ? എന്നാൽ ഈ ക്ഷീണത്തിലും ആനന്ദം അനുഭവപ്പെടുന്നുണ്ട്. ആദ്യം അനുഭവപ്പെടുന്നു, ഇടയ്ക്കിടെ എന്തിനാണ് ഈ ഇതൊക്കെ എന്ന്, എന്നാൽ പ്രഭാഷണം കഴിഞ്ഞ് ആശീർവാദം സ്വീകരിച്ച് മടങ്ങുമ്പോൾ മുഖം തന്നെ

മാറുന്നു. നല്ലത്, രണ്ട് ദാദിമാരിലും ഉണർവ്വ്-ഉത്സാഹം വർദ്ധിപ്പിക്കുന്നതിനുള്ള വിശേഷതയുണ്ട്. ഇവർ ഒരിക്കലും ശാന്തമായി ഇരിക്കാറില്ല. ഇനിയും ധാരാളം സേവനങ്ങൾ അവശേഷിക്കുന്നുണ്ടല്ലോ. ഭൂപടം എടുത്ത് നോക്കിയാൽ ഭാരതത്തിലും വിദേശത്തും ഓരോ സ്ഥാനത്തും ശരിയായി നോക്കുകയാണെങ്കിൽ മനസ്സിലാക്കുവാൻ സാധിക്കുന്നു, ഇനിയും സ്ഥാനങ്ങൾ അവശേഷിക്കുന്നുണ്ട്. അതിനാൽ ബാപ്ദാദയ്ക്ക് സന്തോഷമുണ്ട്, എന്നാൽ പറയുന്നു കൂടുതൽ ക്ഷീണിപ്പിക്കരുത്. താങ്കളെല്ലാവരും സേവനത്തിൽ സന്തുഷ്ടരരാണല്ലോ. ഇപ്പോൾ ഈ കുമാരിമാരും ടീച്ചറാവുമല്ലോ. ഇപ്പോൾ ടീച്ചർമാർ ആയവരുണ്ട്, ഇനി ടീച്ചറാവാനിരിക്കുന്നവരും ഏതെങ്കിലുമൊക്കെ സെന്റർ സംരക്ഷിക്കുമല്ലോ. നിങ്ങൾ തയ്യാറാകുമല്ലോ. ഡബിൾ വിദേശി കുട്ടികൾക്ക് രണ്ടു കാര്യങ്ങളും ചെയ്യാനുള്ള അഭ്യാസമുണ്ടല്ലോ. ജോലിയും ചെയ്യുന്നുണ്ട്, സെന്റർ സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. അതിനാൽ ബാപ്ദാദ ഡബിൾ ആശംസകൾ നൽകുന്നു. ശരി.
നാനാവശത്തെയും അതി സ്നേഹി, അതി സമീപം, സദാ ആദികാലം മുതൽക്ക് ഇപ്പോൾ വരെയും രാജകീയതയുടെ അധികാരികൾക്ക്, സദാ തന്റെ മുഖത്തിലൂടെയും പെരുമാറ്റത്തിലൂടെയും പവിത്രതയുടെ തിളക്കം കാണിക്കുന്ന, സദാ സ്വയം സേവനത്തിലും ഓർമ്മയിലും തീവ്ര പുരുഷാർത്ഥത്തിലൂടെ നമ്പർ വണ്ണായിത്തീരുന്ന, സദാ ബാബയ്ക്ക് സമാനം സർവ്വശക്തി, സർവ്വഗുണ സ്വരൂപത്തിൽ സ്ഥിതി ചെയ്യുന്ന, അങ്ങനെ എല്ലാ വശത്തെയുമുള്ള ഓരോ കുട്ടികൾക്കും ബാപ്ദാദയുടെ സ്നേഹ സ്മരണകളും നമസ്കാരവും.
വിദേശത്തെ മുഖ്യ ടീച്ചേഴ്സ് സഹോദരിമാരോട് - എല്ലാവരും സേവനത്തിന്റെ വളരെ നല്ല-നല്ല പ്ലാനുകൾ ഉണ്ടാക്കിയിട്ടില്ലേ. എന്തുകൊണ്ടെന്നാൽ സേവനം സമാപ്തമായാൽ മാത്രമാണ് താങ്കളുടെ രാജ്യം വരൂ. അപ്പോൾ സേവനത്തിന്റെ സാധനവും ആവശ്യമാണ്. എന്നാൽ മനസാ-വാചാ ഒപ്പത്തിനൊപ്പം വേണം. സേവനവും സ്വ ഉന്നതിയും രണ്ടും ഒപ്പമൊപ്പം ഉണ്ടായിരിക്കണം. ഇങ്ങനെയുള്ള സേവനമാണ് സഫലത നൽകുന്നത്. അപ്പോൾ എല്ലാവരും സേവനത്തിന് നിമിത്തമാണ്, എല്ലാവരും അവരവരുടെ സ്ഥാനങ്ങളിൽ വളരെ നല്ല സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ബാക്കി ഇപ്പോൾ നൽകിയ കാര്യത്തിന്റെ പ്ലാനുകൾ ഉണ്ടാക്കൂ, അതിനു വേണ്ടി സ്വയത്തിലും സേവനത്തിലും എന്തെല്ലാം അഭിവൃദ്ധി വേണം, കൂടുതൽ ചേർക്കണമെന്നുള്ളതിന്റെ പ്ലാനുകൾ തയ്യാറാക്കണം. ബാക്കി ബാപ്ദാദ സേവാധാരികളെക്കണ്ട് സന്തോഷിക്കുന്നുണ്ട്. ഇപ്പോൾ സേവാകേന്ദ്രങ്ങൾ വളരെ നല്ല രീതിയിൽ ഉന്നതി പ്രാപിക്കുന്നുണ്ട്. ഉന്നതി ഉണ്ടാകുന്നില്ലേ. വളരെ നല്ലത്. വളരെ നന്നായി ഉണ്ടാകുന്നുണ്ട്. ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്, ഇനിയും ഉണ്ടാകുക തന്നെ ചെയ്യും. ഇപ്പോൾ ആരെല്ലാമാണോ പല സ്ഥലങ്ങളിലായി ഉള്ളത്, അവരെയെല്ലാം ഒരുമിപ്പിച്ചുകൊണ്ട്, അവരെ പക്കാ ആക്കൂ. എല്ലാവർക്കു മുന്നിലും പ്രത്യക്ഷ തെളിവ് നൽകൂ. എന്ത് സേവനം ചെയ്യുകയാണെങ്കിലും ഭിന്ന-ഭിന്ന പ്ലാനുകൾ തയ്യാറാക്കുന്നു എങ്കിലും വളരെ നന്നായി പോകുന്നുണ്ട്. ഇപ്പോൾ അവരെല്ലാവരുടെയും ഗ്രൂപ്പുകൾ ഒരുമിച്ച് കൊണ്ടു വരൂ. എന്താണോ നിങ്ങളുടെ സേവനത്തിന്റെ തെളിവ് അത് മുഴുവൻ ബ്രാഹ്മണ പരിവാരത്തിനു മുന്നിലും വരട്ടെ. ശരിയല്ലേ. ബാക്കി എല്ലാവരും നല്ലവരാണ്, നല്ലതിലും നല്ലതാണ്. ശരി. ഓം ശാന്തി.

## വരദാനം - മൂന്നു സ്മൃതികളുടെ തിലകത്തിലൂടെ ശ്രേഷ്ഠ സ്ഥിതിയുണ്ടാക്കുന്ന, അചഞ്ചലരും ദൃഢതയുള്ളവരുമായി ഭവിയ്ക്കട്ടെ.

ബാപ്ദാദ എല്ലാ കുട്ടികൾക്കും മൂന്നു സ്മൃതികളുടെ തിലകം നൽകിയിട്ടുണ്ട്. ഒന്ന് സ്വയം തന്റെ സ്മൃതി, പിന്നീട് ബാബയുടെ സ്മൃതി, മന്നാമത് ശ്രേഷ്ഠ കാര്യത്തിനായുള്ള ഡ്രാമയുടെ സ്മൃതി, ആരിലാണോ ഈ മൂന്നു സ്മൃതികളും സദാ കാലത്തേക്കുള്ളത്, അവരുടെ സ്ഥിതിയും ശ്രേഷ്ഠമാണ്. ആത്മാവിന്റെ സ്മൃതിയോടൊപ്പം ബാബയുടെ സ്മൃതി, ബാബയോടെപ്പം ഡ്രാമയുടെ സ്മൃതി, വളരെ ആവശ്യമാണ്. എന്തുകൊണ്ടെന്നാൽ കർമ്മത്തിൽ അഥവാ ഡ്രാമയുടെ ജ്ഞാനമുണ്ടെങ്കിൽ ഒരിക്കലും സ്ഥിതി കീഴ്മേൽ മറിയില്ല. എന്തെല്ലാം ഭിന്ന-ഭിന്ന പരിതസ്ഥിതികളാണോ വരുന്നത്, അതിൽ അചഞ്ചലരും ദൃഢതയുള്ളവരുമായിരിക്കും.

## സ്ലോഗൻ - ദൃഷ്ടി അലൗകികം, മനസ്സ് ശീതളം, ബുദ്ധിയെ ദയയുള്ളതാക്കിയും മാറ്റൂ.